**ഭരണഭാഷ- മാതൃഭാഷ**

ICDS/B6-5775/18

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 16.08.2021
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

# പരിപത്രം

വിഷയം: വനിതാ ശിശു വികസന വകുപ്പ്-സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി ജീവനക്കാർക്ക് 2021 ഓണത്തിനുമുമ്പ് ഓണം ഫെസ്റ്റിവൽ അലവൻസും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നത് - നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) സ.ഉ(അച്ചടി)നം.115/2021/ധന തീയതി.13.08.2021
2) സ.ഉ(അച്ചടി)നം.116/2021/ധന തീയതി.13.08.2021

അങ്കണവാടി പ്രവർത്തകർക്ക് 2021 വർഷം ഓണം ഫെസ്റ്റിവൽ അലവൻസും മറ്റാനുകൂല്യങ്ങളും അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ 2021 ഓണത്തിനു മുമ്പായി സംസ്ഥാനത്തെ എല്ലാ അങ്കണവാടി പ്രവർത്തകർക്കും ഓണം ഫെസ്റ്റിവൽ അലവൻസും മറ്റാനുകൂല്യങ്ങളും മറ്റ് സർക്കാർ ജീവനക്കാർക്കൊപ്പം വിതരണം ചെയ്യുന്നതിനുള്ള നടപടി എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്. ICDS-ലെ ഓഫീസ് ജീവനക്കാരുടെ ഓണം ഫെസ്റ്റിവൽ അലവൻസ്-മറ്റാനുകൂല്യങ്ങൾ എന്നിവയുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതോടൊപ്പം ടി ബില്ലുകളും ട്രഷറിയിൽ സമർപ്പിച്ചിരിക്കേണ്ടതാണ്.

മേൽ നിർദ്ദേശം എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാരും കർശനമായി പാലിച്ചിട്ടുണ്ടെന്നും 2021-ലെ ഓണത്തിനു മുമ്പ് എല്ലാ അങ്കണവാടി ജീവനക്കാർക്കും ഓണം ഫെസ്റ്റിവൽ അലവൻസും മറ്റാനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടെന്നും പ്രോഗ്രാം ആഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
സ്റ്റോക്ക് ഫയൽ / സ്പെയർ